**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3589** **27-06-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് വരൾച്ചമൂലമുണ്ടായ കൃഷിനാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ വർഷം സംസ്ഥാനത്ത് എത്ര ഹെക്ടർ കൃഷിയാണ് വരൾച്ചയിൽ നശിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) | 46587 ഹെക്ടർ കൃഷിയാണ് വരൾച്ചയിൽ നശിച്ചത്. സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും, 257.12 കോടി രൂപയുടെ നേരിട്ടുള്ള നഷ്ടവും പരോക്ഷമായി 118.69 കോടി രൂപയുടെ നഷ്ടവും ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശ്ശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു.<br><br>പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ, അടയ്ക്ക 1577 ഹെക്ടർ, കാപ്പി 261 ഹെക്ടർ, ജാതി 303 ഹെക്ടർ, കൊക്കോ 61 ഹെക്ടർ, റബ്ബർ 336 ഹെക്ടർ, പച്ചക്കറി വിളകൾ 603 ഹെക്ടർ, പഴവർഗങ്ങൾ 100 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടും പരോക്ഷമായും നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിനു വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണമായും നശിച്ചു. കൂടാതെ വരൾച്ച മൂലം ഉണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ പിന്തുണ ഉറപ്പാക്കുവാനും കാർഷിക ഉല്പാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ചുള്ള വ്യക്തമായ കണക്ക് കേന്ദ്രസർക്കാരിന് കൈമാറിയിട്ടുണ്ടോ; വെളിപ്പെടുത്താമോ; | (ബി) | 46587 ഹെക്ടർ കൃഷിയാണ് വരൾച്ചയിൽ നശിച്ചത്. സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചതായും, 257.12 കോടി രൂപയുടെ നേരിട്ടുള്ള നഷ്ടവും പരോക്ഷമായി 118.69 കോടി രൂപയുടെ നഷ്ടവും ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു. പ്രധാന കാർഷിക ജില്ലകളായ ഇടുക്കി, വയനാട്, പാലക്കാട്, തൃശൂർ ഉൾപ്പെടെ എല്ലാ ജില്ലകളിലും അതിരൂക്ഷമായ വരൾച്ചയും ഉഷ്ണതരംഗവും മൂലം പ്രധാന ഭക്ഷ്യ വിളകളായ നെല്ല്, വാഴ, പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ മുതലായവയും ഏലം, കുരുമുളക്, കാപ്പി, കൊക്കോ, അടയ്ക്ക, തെങ്ങ് ഉൾപ്പെടെയുള്ള നാണ്യ തോട്ടവിളകൾക്കും കനത്ത നാശനഷ്ടം സംഭവിച്ചു.<br><br>പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ, അടയ്ക്ക 1577 ഹെക്ടർ, കാപ്പി 261 ഹെക്ടർ, ജാതി 303 ഹെക്ടർ, കൊക്കോ 61 ഹെക്ടർ, റബ്ബർ 336 ഹെക്ടർ, പച്ചക്കറി വിളകൾ 603 ഹെക്ടർ, പഴവർഗങ്ങൾ 100 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടും പരോക്ഷമായും നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിനു വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണമായും നശിച്ചു. കൂടാതെ വരൾച്ച മൂലം ഉണ്ടായ നാശനഷ്ടം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും ആവശ്യമായ പിന്തുണ ഉറപ്പാക്കുവാനും കാർഷിക ഉല്പാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള ഒരു ഉന്നത സമിതി ഉടൻ തന്നെ കേന്ദ്ര കാർഷിക വാണിജ്യ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതുമാണ്. |
| (സി) | ഈ വർഷം സംസ്ഥാനത്തുണ്ടായ വരൾച്ചയിൽ എന്ത് ധനസഹായമാണ് കർഷകർക്ക് നൽകിയത് എന്ന് വിശദീകരിക്കാമോ? | (സി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണങ്ങൾക്കുമുള്ള അടിയന്തിര പരിപാടി പദ്ധതിയിൽ ഉഷ്ണതരംഗം മൂലമുണ്ടായ കൃഷി നാശത്തിനു ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി |

| | | | |
|---|---|---|---|
| | | | ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ ഈ ഇനത്തിൽ 15627 കർഷകർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>2) നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>3) കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ